LIBRARY ARCHIVES Kerala Legislative Assembly

ജനസാന്ദ്രത കൂടിയ പഞ്ചായത്ത്

202 (4245) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏറ്റവും ജനസാന്ദ്രത കൂടിയ പഞ്ചായത്ത് ഏതാണ് ; ഇവിടുത്തെ ആകെ ജനസംഖ്യ എത്ര ; പുരുഷന്മാർ എത്ര ; സ്ത്രീകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏറ്റവും ജനസാന്ദ്രത കുറഞ്ഞ പഞ്ചായത്ത് ഏതാണ് ; ഇവിടെ സ്ത്രീകൾ എത്ര ; പുരുഷന്മാർ എത്ര ;

(സി) ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്ത് ഏതാണ് ;

(ഡി) ഏറ്റവും വരുമാനം കൂടിയ പഞ്ചായത്ത് ഏതാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ തെരുവുനായ ശല്യം

203 (4246) ശ്രീ. ഇ ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തെരുവുനായ ശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തെരുവുനായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്ന നടപടികൾ ജില്ലയിൽ ഏതുവരെയായി എന്ന് വിശദമാക്കാമോ ;

(സി) ജില്ലയിൽ പേപ്പട്ടികളുടെ എണ്ണംകൂടി വരുന്നതും അവയുടെ കടിയേറ്റ് നിരവധിപേർ ആശുപത്രിയിലായതുമായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 9 ഗ്രാമപഞ്ചായത്തുകളിലായി 356 പേർ തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയായിട്ടുണ്ട്. 15 ഗ്രാമപഞ്ചായത്തുകളിലും തെരുവ് നായ്ക്കളുടെ ആക്രമണമുണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.